ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി കടാശ്വാസ കമ്മീഷന് നൽകിയ തുക കൈമാറിയിട്ടില്ല. കടം നൽകിയ സ്ഥാപനങ്ങൾക്കാണ് തുക കൈമാറുന്നത്. അത് പ്രകാരം ആദ്യഘട്ടമായി മത്സ്യഫെഡിന് 26.66 കോടി രൂപയും രണ്ടാം ഘട്ടമായി സഹകരണ സ്ഥാപനങ്ങൾക്ക് 253.59 കോടി രൂപയും കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) 1,12,377 അപേക്ഷകൾ. ഒരപേക്ഷകനുള്ള എല്ലാ കടങ്ങളും ഒറ്റ അപേക്ഷയിൽ തന്നെ രേഖപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളി സംഘങ്ങൾ, സഹകരണ ബാങ്കുകൾ, ദേശസാൽക്കൃത-ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നും ഉത്തമർണ്ണന്മാരിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ഒരേ അപേക്ഷയിൽ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വായ്പകളെ അവ നൽകിയ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മിഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. എല്ലാ കടങ്ങളും പരിഗണിച്ച ശേഷമേ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം കണക്കാക്കുവാൻ കഴിയുകയുള്ളൂ. എങ്കിലും ഇതുവരെയുള്ള നടപടികളുടെ ഭാഗമായി ഏകദേശം 1,20,000 പേർക്ക് കടാശ്വാസ നടപടിയുടെ പ്രയോജനം ലഭ്യമാവുന്നതാണ്.

(സി) കാലതാമസമുണ്ടാകുന്നില്ല.

പോളശല്യംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾ

220(512) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ടുകായലിലെ പോളമൂലം അരൂർ, ചേർത്തല മണ്ഡലങ്ങളിലെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പോള നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പോള ഉപയോഗിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) പോളശല്യംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുളവാഴ നിർമ്മാർജ്ജനവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനവും എന്ന ഒരു പദ്ധതി കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. യന്ത്രങ്ങൾ ഉപയോഗിച്ച് പോള നീക്കം ചെയ്യൽ, മണ്ണിര ഉപയോഗിച്ചുള്ള വളം നിർമ്മാണം ജൈവ വാതക നിർമ്മാണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. ഇതിന്റെ ഭാഗമായി തകഴി പഞ്ചായത്തിലെ തെന്നടി-പള്ളിത്തോട്, ആറാട്ടുതോട് എന്നിവിടങ്ങളിലെ പോള, യന്ത്രങ്ങൾ ഉപയോഗിച്ച് പൂർണ്ണമായി നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരുവാറ്റ, തകഴി, മുഹമ്മ, വീയപുരം, വെച്ചൂർ, കുമരകം എന്നീ പഞ്ചായത്തുകൾ വൈക്കം നഗരസഭ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽപ്പെടുന്ന 50 വനിതാ സ്വയംസഹായ സഹകരണ സംഘങ്ങൾക്ക് കുമരകത്തെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കുളവാഴ ഉപയോഗിച്ചുള്ള വളം നിർമ്മാണത്തെക്കുറിച്ച് 2 ദിവസത്തെ പരിശീലനം നൽകി. തകഴി പഞ്ചായത്തിലെ 8 യൂണിറ്റുകൾ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ, കോട്ടയം എറണാകുളം ജില്ലകളിൽപ്പെടുന്ന കുട്ടനാട്, വൈക്കം, കോട്ടയം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കുകളിലെ കായൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന പോള (കുളവാഴ) ശല്യത്തിനു പരിഹാരമായി കുളവാഴയെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത് കായലുകളുടെ ആവാസവ്യവസ്ഥയും, പരിസ്ഥിതിയും പുനഃസ്ഥാപിക്കുകയും കായലുകളെ ജലസേചനയോഗ്യമാക്കി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും, നീക്കംചെയ്യുന്ന കുളവാഴ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കായലുകളിൽനിന്ന് നീക്കംചെയ്യുന്ന കുളവാഴ, നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

ഫിഷറീസിന്റെ കീഴിലുള്ള ഹാച്ചറികളിലെ സി.എൽ.ആർ. ജീവനക്കാർ

221(513) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാച്ചറികളിൽ സിഎൽആർ. ആയി ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ട്, ഇവരുടെ തൊഴിൽ എന്താണ്, ഇവരുടെ വേതനരീതി എങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) മുൻകാലങ്ങളിൽ 500 ഡ്യൂട്ടി നോക്കിയിട്ടുള്ള സി.എൽ.ആർ. ജീവനക്കാരെ അതത് ഹാച്ചറികളിൽ എസ്.എൽ.ആർ. ആയി നിയമിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള സി.എൽ.ആർ. ജീവനക്കാരേയും എസ്.എൽ.ആർ. ആയി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

തെന്മല റിസർവോയറിലെ മത്സ്യകൃഷി

222(514) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം നിയോജക മണ്ഡലത്തിലെ തെന്മല റിസർവോയറിൽ റാഞ്ചിംഗ് മുഖേന മത്സ്യകൃഷിയ്ക്കുള്ള പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly